CHED
..23/11/21....


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1784*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14833**/*എസ്.ഐ.സി-ജി 6/20)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സന്തോഷ് കെ.,
കാഞ്ഞിരങ്ങാടൻ ഹൗസ്,
ചെറുപുഴ പി.ഒ.,
കണ്ണൂർ ജില്ല – 670 511.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
നാഷണൽ ഹെൽത്ത് മിഷൻ,
കണ്ണൂർ.

2. അപ്പീൽ അധികാരി,
നാഷണൽ ഹെൽത്ത് മിഷൻ,
കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.10.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.12.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.12.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.12.2020 |
| ഹിയറിംഗ് നടന്ന തീയതി | 28.10.2021, ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2.അപ്പീൽ ഹർജിക്കാരൻ 13.10.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) നാഷണൽ ഹെൽത്ത് മിഷൻ കണ്ണൂർ ജില്ലാ ഓഫീസിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന വിവരം നൽകണമെന്നും

2) മേൽപ്പടി ഓഫീസിൽ ഇപ്പോൾ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും പേര്, തസ്തിക, അതിനാവശ്യമുള്ള ക്വാളിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തി നൽകണമെന്നും

3) ടി ഓഫീസിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരെ നിയമിക്കാൻ വേണ്ടി ഇറക്കിയ നോട്ടിഫിക്കേഷന്റെ കോപ്പി അനുവദിക്കണമെന്നും(എത്ര നോട്ടിഫിക്കേഷൻ ഇറക്കിയെന്നും ആയത് എത്ര കോപ്പി ഉണ്ടെന്നും രേഖപ്പെടുത്തുക)

4) ടി നോട്ടിഫിക്കേഷനുകൾ പ്രകാരം എത്ര ആൾക്കാർ ഇന്റർവ്യൂവിൽ പങ്കെടുത്തുവെന്ന വിവരം നൽകണം എന്നുമാണ്. (ഒരോ നോട്ടിഫിക്കേഷന്റെയും തീയതി, നമ്പർ എന്നിവ രേഖപ്പെടുത്തി ആയതിൽ എത്ര ആൾക്കാർ പങ്കെടുത്തുവെന്ന് പ്രത്യേകം രേഖപ്പെടുത്തുക)

ടി അപേക്ഷയ്ക്ക് 11.11.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) 26 ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും
2) ഇപ്പോൾ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും പേരും തസ്തികയും ആവശ്യമുള്ള യോഗ്യതയും സംബന്ധിച്ച വിവരം നൽകിയിട്ടുണ്ടെന്നും

പിരിവ് : 3, 4, 5, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച രേഖകൾ ടി സ്ഥാപനം തുടങ്ങുന്നതു മുതൽ ഉള്ളതാണെന്നും ആയതിനാൽ കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് എല്ലാ ജീവനക്കാരും മേൽ പ്രവൃത്തിയിൽ ഏർപ്പെട്ടതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ മുൻകൂട്ടി അറിയിച്ച് സമയം വാങ്ങിയതിനു ശേഷം നേരിട്ട് ഹാജരായി പരിശോധിക്കാവുന്നതും പകർപ്പുകൾ ആവശ്യമുണ്ടെങ്കിൽ നിശ്ചിത തുക ഒടുക്കി കൈപ്പറ്റാവുന്നതുമാണ് എന്നാണ് അറിയിച്ചത്.

ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 11.12.2020ന് നൽകിയ മറുപടിയിൽ പ്രസതാവിച്ചിരിക്കുന്നത്,

ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി പരിശോധിച്ചതിൽ വിവരാവകാശ നിയമം അനുശാസിക്കും വിധം 30 ദിവസങ്ങൾക്കുള്ളിൽ തന്നെ ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നും നൽകിയ മറുപടി കൃത്യമാണെന്നാണ് കണ്ടെത്താൻ കഴിഞ്ഞതെന്നും ആയതിനാൽ മേൽപ്പടി മറുപടിയുടെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജി തീർപ്പാക്കിയതായി അറിയിച്ചെന്നുമാണ്.

3. എതിർകക്ഷി 03.02.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 14.10.2020ന് നൽകിയ അപേക്ഷയ്ക്ക് 11.11.2020ന് മറുപടി നൽകുകയും പ്രസ്തുത മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് 19.11.2020ന് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നുമാണ്.

അപ്പീൽ അധികാരി എന്ന നിലയിൽ ടിയാന്റെ അപേക്ഷയും നൽകിയ മറുപടിയും വിശദമായി പരിശോധിച്ച് ഒന്നാം അപ്പീൽ തീർപ്പ് കൽപ്പിച്ച് 11.12.2020ന് ഹർജിക്കാരന് മറുപടി നൽകിയെന്നുമാണ്.

ഹർജിക്കാരൻ ആശ്യപ്പെട്ട രേഖകളിൽ ചിലത് ടി സ്ഥാപനം ആരംഭിച്ചതു മുതലുള്ളതായതിനാലും ജീവനക്കാർ എല്ലാംതന്നെ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവൃത്തിയിലായതിനാലും പ്രസ്തുത രേഖകൾ ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കാവുന്നതാണെന്ന് അറിയിച്ചിരു

ന്നുവെങ്കിലും ഹർജിക്കാരൻ അതിന് തയ്യാറായിരുന്നില്ലെന്നും ഹർജിക്കാരൻ വിവരാവകാശ നിയമമനുസരിച്ച് നൽകുന്ന എല്ലാ അപേക്ഷകൾക്കും കോവിഡ് കാലത്തെ കൃത്യാന്തര ബാഹുല്യത്തിനിടയിലും കൃത്യ സമയത്ത് മറുപടി നൽകാറുണ്ടെന്നും അപേക്ഷയുടെയും മറുപടികളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ഒന്നും രണ്ടും എതിർകക്ഷികൾ കൃത്യമായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ മുൻകൂട്ടി അറിയിച്ച് സമയം വാങ്ങിയതിനു ശേഷം നേരിട്ട് ഹാജരായി പരിശോധിക്കാവുന്നതും പകർപ്പുകൾ ആവശ്യമുണ്ടെങ്കിൽ നിശ്ചിത തുക ഒടുക്കി കൈപ്പറ്റാവുന്നതുമാണ് എന്ന് ഒന്നാം എതിർകക്ഷി അറിയിപ്പ് നൽകിയെങ്കിലും ഹർജിക്കാരൻ രേഖകൾ പരിശോധിക്കാൻ ഹാജരായില്ല എന്നുള്ള ഒന്നാം എതിർകക്ഷിയുടെ മൊഴി അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 ഒക്ടോബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

THIRUVANANTHAPURAM